**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 882** **07-12-2022 - ൽ മറുപടിയ്ക്ക്**

**മങ്കട മണ്ഡലത്തിലെ മുഴുവൻ പട്ടികജാതി വീട്ടുകളിലും വൈദ്യുതി കണക്ഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മങ്കട മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ മുഴുവൻ വീട്ടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഓരോ കോളനിയിലും എത്ര കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിയ്ക്കാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മങ്കട നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ മുഴുവൻ വീട്ടുകളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. മങ്കട ബ്ലോക്ക് പരിധിയിൽപ്പെട്ട കുറവ ഗ്രാമ പഞ്ചായത്തിലെ കളത്തിൽ ചാലയ്ക്കൽ പട്ടികജാതി കോളനിയിലെ വീട്ടുനമ്പർ ലഭിക്കാത്ത 2 വീട്ടുകളിലും മൂർക്കനാട് ഗ്രാമ പഞ്ചായത്തിലെ മുതുമ്മൽകുന്ന്പട്ടികജാതി കോളനിയിലെ ഒരു വീട്ടിലും പടക്കേ കുളമ്പ് കോളനിയിലെ ഒരു വീട്ടിലും പെരിന്തൽമണ്ണ ബ്ലോക്ക് പരിധിയിൽപെട്ട അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിലെ ഇല്ലത്തുപറമ്പിൽ, പട്ടിക്കുന്ന്, ചെങ്ങോട്, പൂഴിക്കുന്ന് എന്നീ പട്ടികജാതി കോളനിയിലെ ഓരോ വീട്ടുകളിലും ഉൾപ്പെടെ 8 വീട്ടുകളിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ പട്ടികജാതി കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുമോ; വിശദമാക്കുമോ? | (ബി) | വ്യക്തിഗത വൈദ്യുതി കണക്ഷൻ അനുവദിക്കുന്ന പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ